# CHAIR FOR CHRISTIAN STUDIES
## UNIVERSITY OF CALICUT

## HCC - II ANNUAL EXAMINATION 2023-24

**HCC II** Total Marks : 80

Reg. No : Time : 2 Hrs

---

**Part I**

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **10 x 1 = 10**

1. കത്തോലിക്ക സഭയിൽ ഉൾപ്പെട്ട വിവിധ സഭകളെ വിളിക്കുന്ന പേരെന്ത്?
2. സഭയുടെ പരമോന്നതമായ ദൈവാരാധന.
3. ക്രിസ്തീയ സാക്ഷ്യത്തിൽ ഏറ്റവും പ്രധാനപ്പെട്ടത്.
4. സമ്പൂർണ്ണ ബൈബിളിന്റെ ലത്തീൻ പരിഭാഷ ഏത് പേരിലാണ് അറിയപ്പെടുന്നത്?
5. കാര്യകാരണ ബന്ധത്തെ അപഗ്രഥിക്കുകയും വിവേചിക്കുകയും ചെയ്യുന്ന ബൗദ്ധികമായ പ്രക്രിയ.
6. അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ട സഭയുടെ മൂലക്കല്ല് ആരാണ്?
7. ബൈബിളിലെ പുസ്തകങ്ങളെ അധ്യായങ്ങളായി തിരിച്ചത് ആരാണ്?
8. ദൈവിക വെളിപാടിനു പ്രത്യുത്തരം നൽകുവാൻ നീതിമാനായ നോഹയുടെ വംശത്തിൽപ്പെട്ട ആരെയാണ് ദൈവം വിളിച്ചത്?
9. ദൈവികവെളിപാടിന്റെ സംരക്ഷകയും പ്രഘോഷകയും വ്യാഖ്യാതാവും ആരാണ്?
10. ഈശ്വരാസ്തിത്വത്തെക്കുറിച്ചുള്ള ബോധ്യത്തിലെത്താൻ പഞ്ചമാർഗ്ഗങ്ങൾ നിർദ്ദേശിച്ച വിശുദ്ധൻ?

**യോജിച്ചിവ ചേർത്ത് വചനം പൂർത്തിയാക്കുക** **5 x 1= 5**

| | | |
|---|---|---|
| 11. കർത്താവായ യേശുവിൽ വിശ്വസിക്കുക | - | ദൈവത്തിന്റെ നാവിൽനിന്നും പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത് |
| 12. തിന്മ നിങ്ങളെ കീഴടക്കാതിരിക്കട്ടെ | - | നിങ്ങൾ എന്റെ ശിഷ്യരാണെന്ന് അതുവഴി ലോകം അറിയും. |
| 13. നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ | - | നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും. |
| 14. മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല | - | തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു |
| 15. അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി | - | തിന്മയെ നന്മകൊണ്ട് കീഴടക്കുവിൻ |

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** **7 x 2= 14**

16. സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ നമുക്ക് ഏതെല്ലാം വിധത്തിൽ പങ്കുചേരാം?
17. സഭ ഏകമാണ് എന്ന ആശയത്തിന്റെ അർത്ഥമെന്ത്?

18. വചനാധിഷ്ഠിത ജീവിതം നയിക്കാൻ ബെനഡിക്ട് പതിനാറാമൻ പാപ്പ യുവജനങ്ങളോട് അഭ്യർത്ഥിക്കുന്നതെന്ത്?

19. ആത്മീയ ശാസ്ത്രപ്രകാരം മതങ്ങളുടെ ഉദ്ഭവം എങ്ങനെയാണ്?

20. പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

21. ക്രൈസ്തവരായ നാം ഇതര മതങ്ങളോട് സ്വീകരിക്കേണ്ട സമീപനം എന്ത്?

22. തൊഴിലാളിയേയും തൊഴിൽ ദാതാവിനേയും കുറിച്ച് സഭയുടെ കാഴ്ചപ്പാട് എന്താണ്?

**നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക.** **4 x 4= 16**

23. ആഡംബരഭ്രമം അധാർമ്മികവും സാമൂഹിക നീതിക്ക് വിരുദ്ധവുമാണ്. സമർത്ഥിക്കുക.

24. സത്യം അറിയാനുള്ള വഴികൾ ഏതെല്ലാം?

25. എന്തുകൊണ്ട് നാം കത്തോലിക്കരായിരിക്കണം?

26. ക്രൈസ്തവ സാക്ഷ്യത്തിന്റെ സമൂഹ തലത്തെപ്പറ്റി വിശദമാക്കുക.

**ഒരു ഖണ്ഡികയിൽ (Paragraph) ഉത്തരമെഴുതുക.** **1 x 5= 5**

27. മാധ്യമങ്ങളെ നാം എങ്ങനെ വിലയിരുത്തണം?

**ഒന്നര പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **1 x 10= 10**

28. ക്രിസ്തുസാക്ഷ്യം യേശു നമ്മെ ഏൽപ്പിച്ച വലിയൊരു ദൗത്യമാണ്. സാക്ഷ്യത്തിന്റെ വിവിധ രീതികളെ വിവരിച്ചുകൊണ്ട് ഉപന്യസിക്കുക.

*അല്ലെങ്കിൽ*

ദൈവിക വെളിപാടിന്റെ വിവിധ ഘട്ടങ്ങളെ സൂചിപ്പിച്ച്, യേശു ദൈവിക വെളിപാടിന്റെ പൂർണ്ണതയാണെന്ന് സമർത്ഥിക്കുക.

## Part II

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **5 x 1= 5**

29. റോമൻ കൂരിയ സ്ഥാപിച്ച മാർപാപ്പ.

30. കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം പ്രസിദ്ധീകരിച്ച വർഷം.

31. മദർ തെരേസയുടെ ചരമദിനവും വർഷവും.

32. സാമൂഹ്യനീതിക്കുവേണ്ടി ശബ്ദമുയർത്തിയ മാർപാപ്പ.

33. 'പാവപ്പെട്ടവരുടെ സ്നേഹിതൻ' എന്നറിയപ്പെടുന്ന പാപ്പ.

**ഉത്തരമെഴുതുക.**

34. പ്രകാശത്തിന്റെ അഞ്ചാം രഹസ്യം എഴുതുക. **3**

35. മനുഷ്യന്റെ അന്ത്യങ്ങൾ. **4**

36. കുർബാന മദ്ധ്യേയുള്ള സ്തോത്രക്കാഴ്ചയുടെ പ്രാധാന്യമെന്ത്? **4**

37. കൂദാശകളും കൂദാശാനുകരണങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ ഏവ? **4**